"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് - പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ അധീനതയിലുള്ള കണിയാമ്പറ്റ വില്ലേജിലെ ബ്ലോക്ക് 13 റീസർവ്വെ 688/1-1-ൽപ്പെട്ട 45 സെന്റ് സ്ഥലം റൂറൽ സെൽഫ് എംപ്ലോയ്മെന്റ് ട്രൈയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (RSETI)-ന് കെട്ടിട നിർമ്മാണത്തിനായി പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തിക്കൊണ്ട്, ഉപയോഗാനുമതി മാത്രം ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.3047/2025/LSGD** **തീയതി, തിരുവനന്തപുരം, 22-12-2025.**

പരാമർശം:-

1. 20.09.2010-ലെ സ.ഉ.(സാധാ) നം.3088/2010/ത.സ്വ.ഭ.വ.
2. ഡെ. ജനറൽ മാനേജർ (FI), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, തിരുവനന്തപുരം-ന്റെ 25.05.2023-ലെ LHO/F1/28/2023-24 നമ്പർ കത്ത്.
3. ജില്ലാ കളക്ടർ, വയനാട്-ന്റെ 19.06.2023-ലെ DCWYD/1933/2023/L4 നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.
4. വില്ലേജ് ഓഫീസർ, കണിയാമ്പറ്റ-യുടെ 09.10.2023-ലെ CR No.271/24 നമ്പർ കത്ത്.
5. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം-ന്റെ 19.10.2023, 19.03.2024, 01.08.2024 എന്നീ തീയതികളിലെ LSGD/PD/47350/2023-AR2 നമ്പർ കത്തുകൾ.
6. 04.12.2023, 28.11.2024 എന്നീ തീയതികളിലെ പനമരം ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ യഥാക്രമം 2/1, 2/10 നമ്പർ തീരുമാനങ്ങൾ.
7. അസിസ്റ്റന്റ് എക്സി. എഞ്ചിനീയർ, LSGD&EW, പനമരം സബ് ഡിവിഷൻ-ന്റെ 28.05.2024-ലെ എ1-177/2024 നമ്പർ കത്ത്.

**ഉത്തരവ്**

കേന്ദ്ര ഗ്രാമവികസന മന്ത്രായം ലീഡ് ബാങ്കുകളുടെ സഹകരണത്തോടെ ജില്ലാ അടിസ്ഥാനത്തിൽ നടപ്പിലാക്കി വരുന്ന സംരംഭമാണ് ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം (Rural Self Employment Training Institute - [RSETI]). ഗ്രാമ വികസന വകുപ്പ്/ ജില്ലാ പഞ്ചായത്ത്/

ബ്ലോക്ക് പഞ്ചായത്ത്/ ഗ്രാമ പഞ്ചായത്ത് എന്നിവയുടെ അധീനതയിലുള്ള സ്ഥലത്ത് ഉടമസ്ഥാവകാശം കൈമാറാതെ, RSETI-യ്ക്ക് ആവശ്യമായ കെട്ടിടം നിർമ്മിക്കുന്നതിന് ബന്ധപ്പെട്ട ലീഡ് ബാങ്കിന് സർക്കാർ അനുമതി നല്കിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി വയനാട് ജില്ലയിൽ ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് കീഴിൽ 2004 മുതൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന ഗ്രാമീണ സ്വയം തൊഴിൽ പരിശീലന ഇൻസ്റ്റിറ്റ്യൂട്ടിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 50 സെന്റ് ഭൂമി അനുവദിച്ച് തരണമെന്നഭ്യർത്ഥിച്ച് പരാമർശം 2) പ്രകാരം സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ഡെ. ജനറൽ മാനേജർ (FI) ഗ്രാമവികസന കമ്മീണർക്ക് കത്ത് നൽകിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3) പ്രകാരം, കണിയാമ്പറ്റ വില്ലേജിലെ ബ്ലോക്ക് 13 റീസർവ്വെ നം.688/1-1-ൽപ്പെട്ട 45 സെന്റ് സ്ഥലം RSETI-യ്ക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി വിട്ട് നൽകണമെന്ന് ശിപാർശ ചെയ്ത് ജില്ലാ കളക്ടറും ഗ്രാമവികസന കമ്മീഷണർക്ക് കത്ത് നൽകുകയുണ്ടായി.

2) വയനാട് ജില്ലയിൽ പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള റീസർവ്വെ നം.688/1-1-ൽപ്പെട്ട 45 സെന്റ് സ്ഥലം ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയ്ക്ക് RSETI-യ്ക്ക് കെട്ടിട നിർമ്മാണത്തിനായി വിട്ട് നൽകുന്നതിന് പരാമർശം 6) പ്രകാരം ഭരണസമിതി തീരുമാനിക്കുകയും അതനുസരിച്ച് സർക്കാർ അനുമതിയ്ക്കായി പ്രിൻസിപ്പൽ ഡയറക്ടർ മുഖേന പരാമർശം 5) പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിരുന്നു. റവന്യൂ റിക്കോർഡുകൾ പ്രകാരം പരാമർശിത ഭൂമി 'പുരയിടം' വിഭാഗത്തിൽ ഉൾപ്പെട്ട് വരുന്നതും പനമരം ബ്ലോക്ക് പഞ്ചായത്തിന്റെ പേരിൽ നികുതി അടച്ച് വരുന്നതുമാണെന്ന് കണിയാമ്പറ്റ വില്ലേജ് ഓഫീസർ പരാമർശം 4) പ്രകാരം അറിയിച്ചിട്ടുണ്ട്. പ്രസ്തുത ഭൂമി കെട്ടിട നിർമ്മാണത്തിന് അനുയോജ്യമാണെന്ന് പരാമർശം 7) പ്രകാരം, അസി. എഞ്ചിനീയറും റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കൈയ്യൊഴിയലും) ചട്ടങ്ങൾ, 2005-ലെ വ്യവസ്ഥകൾക്ക് വിധേയമായി കണിയാമ്പറ്റ വില്ലേജിലെ ബ്ലോക്ക് 13 റീസർവ്വെ 688/1-1-ൽപ്പെട്ട 45 സെന്റ് സ്ഥലത്തിന്റെ ഉടമസ്ഥാവകാശം പനമരം ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തിക്കോണ്ട് RSETI കെട്ടിടം നിർമ്മിക്കുന്നതിന് ലീഡ് ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് പരാമർശം 1) ഉത്തരവിലെ നിബന്ധനകൾക്ക് കൂടി വിധേയമായി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ടിങ്കു ബിസ്വാൾ**

**പ്രിൻസിപ്പൽ സെക്രട്ടറി**

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.

ജില്ലാ കളക്ടർ, വയനാട്.

ഡെപ്യൂട്ടി ജനറൽ മാനേജർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, ലോക്കൽ ഹെഡ് ഓഫീസ്, പൂജപ്പുര, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (A&E/ Audit), കേരള, തിരുവന്തപുരം.

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, വയനാട്.

ഡയറക്ടർ, RSETI പുത്തൂർവയൽ, കല്പറ്റ, വയനാട് - 673 577.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

സെക്രട്ടറി, പനമരം ബ്ലോക്ക് പഞ്ചായത്ത്, വയനാട്.

റവന്യൂ വകുപ്പ്. (Note No.L3/14/2025/REV dtd 25.08.2025)

നിയമ വകുപ്പ്, (Note No.OPN-D3/218/2025-LAW dtd 07.10.2025)

ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂമീഡിയ), തിരുവനന്തപുരം.

കരുതൽ ഫയൽ// ഓഫീസ് കോപ്പി. (RE3/279/2023-LSGD)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 24-12-2025 14:09:55

സെക്ഷൻ ഓഫീസർ